ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി2/2702/എച്ച്.എസ്.ഇ/2008

തീയതി : 29.04.2014

# സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റനിയമനം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് -

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 01.08.2008 മുതൽ 30.11.2011 വരെയുള്ള ഒഴിവുകളിലേക്ക് ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായി എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ-മാരിൽ നിന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ട് (സി.ആർ) ആവശ്യപ്പെട്ടിരുന്നു. ഇപ്രകാരം സി.ആർ സമർപ്പിച്ചവർ 01.07.2013 മുതൽ 31.12.2013 വരെയുള്ള സി.ആർ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചില അദ്ധ്യാപകർ പ്രസ്തുത സി.ആർ സമർപ്പിച്ചതായി കാണുന്നില്ല. അപ്രകാരമുള്ള അദ്ധ്യാപകർ 01.07.2013 മുതൽ 31.03.2014 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് (സി.ആർ)-ഉം 31.12.2013 വരെയുള്ള സി.ആർ സമർപ്പിച്ചവർ 01.01.2014 മുതൽ 31.03.2014 വരെയുള്ള സി.ആർ ഉം 05.05.2014-ന് മുൻപായി ഡയറക്ടറേറ്റിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് (സി.ആർ) ഹാജരാക്കാത്ത അദ്ധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
ഡയറക്ടറുടെ അധിക ചുമതലയിൽ

പകർപ്പ് :

1. ബന്ധപ്പെട്ട എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ-മാർ
2. ബന്ധപ്പെട്ട എച്ച്.എം/എ.ഇ.ഒ/ഡി.ഇ.ഒ
3. ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ

23/Jay/07.04.14